● കുറിപ്പുകൾ

# തെരഞ്ഞ് എടുത്തശേഷം

ഡേവിസ് വളർക്കാവ്

**പഞ്ചായത്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞു. നിയമസഭയിലേക്കുള്ള പൊതുതെരഞ്ഞെടുപ്പ് വരുന്നു. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനങ്ങളുടെ പഞ്ചായത്ത്, അധികാരം, ഭരണം, ജനാധിപത്യം എങ്ങിനെയായിരുന്നു? രാഷ്ട്രീയ പാർട്ടികളുടെയും സ്വതന്ത്രന്മാരുടെയും പ്രകടനപത്രികകളിൽ എന്തൊക്കെ അടിസ്ഥാനതല രാഷ്ട്രീയം, അധികാര വികേന്ദ്രീകരണം, ജനകീയാസൂത്രണം, കേരള വികസനപദ്ധതി, നീതി, സ്വാതന്ത്ര്യം, വികസനം, വിഭവം, നിയമം, അധികാരം അന്വേഷണ വിധേയമാക്കുന്നു. വായനക്കാരിൽ നിന്ന് സജീവമായ ഇടപെടൽ തുടർലക്കങ്ങളിൽ പ്രതീക്ഷിക്കുന്നു.**

### സാധു, അസാധു

പഞ്ചായത്ത് ബ്ലോക്ക് മുനിസിപ്പാലിറ്റി കോർപ്പറേഷൻ തിരഞ്ഞെടുപ്പിൽ ബഹിഷ്കരണ മുദ്രാവാക്യം ഇല്ലാതെ തന്നെ പകുതിയിലധികം പേർ വോട്ട് രേഖപ്പെടുത്തുകയുണ്ടായില്ല. ഇത് രാഷ്ട്രീയ പാർട്ടികൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഏതുവിഭാഗം രാഷ്ട്രീയ പ്രസ്ഥാനങ്ങളോടും വോട്ടർമാർക്ക് താൽപര്യം കുറവാണെന്നത് രാഷ്ട്രീയക്കാരുടെ അഹന്തക്കുള്ള കിഴുക്കാണ്. അതുപോലെ ജനാധിപത്യ പ്രക്രിയയെ അതിൽ എത്രത്തോളം കുറവുണ്ടെങ്കിലും വോട്ടുചെയ്യാതെ ഇടപെടാതെ മാറിനിന്നവർ എന്തുകൊണ്ടിങ്ങനെ നിലപാടെടുത്തു എന്നത് താൽപര്യമുള്ളവർ പഠനത്തിന് വിഷയമാക്കേണ്ടതാണ്.

### ഐഡന്റിറ്റി കാർഡ്

കള്ളവോട്ട് തടയാനെന്ന പേരിൽ ഇലക്ഷൻ കമ്മീഷൻ ഇറക്കിയ തിരിച്ചറിയൽ കാർഡ് അപമാനമാണ്. പക്കാ രാഷ്ട്രീയക്കാരല്ലാത്ത മറ്റാരാണ് കള്ളവോട്ട് ചെയ്യാറുള്ളത്. അവരെ നിയന്ത്രിക്കുന്നതിനുപകരം സകലമാന വോട്ടർമാരെയും കള്ളന്മാരായി കാണുന്ന കാഴ്ചപ്പാട് ശരിയല്ല. കട്ടവനെ കിട്ടിയില്ലെങ്കിൽ കണ്ടവനെ പിടിക്കൽ തന്നെ. കാർഡിന്റെ അനുബന്ധ ഗുണഗണങ്ങൾ ഫുട്പാത്തിലെ പൽപ്പൊടി വിൽപ്പനക്കാരന്റെ വാചകമടി തന്നെ. കാർഡില്ലാത്തവർക്കും വോട്ടുചെയ്യാൻ അവസരം നൽകേണ്ടിവന്നത് തിരിച്ചറിയൽ കാർഡ് വാങ്ങാത്തവരുടെ ധാർമ്മിക വിജയമാണ്.

### തിരിച്ചുവിളിക്കണം

പതിനഞ്ചുവർഷമായി ഈയുള്ളവൻ വോട്ട് കുത്തിയിട്ടില്ല. ജനാധിപത്യത്തിൽ ജനപ്രതിനിധികളെ തിരഞ്ഞെടുക്കാൻ മാത്രമല്ല തിരിച്ചു വിളിക്കാനും വോട്ടർമാർക്ക് അധികാരവും അവകാശവും ഉണ്ടാകുന്ന കാലത്തേ വോട്ട് ചെയ്യു എന്നാണ് ഇതുവരെയുള്ള തീരുമാനം. തീരുമാനമോ ജനാധിപത്യമോ ഏതാണ് മാറാൻ സാദ്ധ്യത എന്ന് ശേഷം സ്ക്രീനിൽ കാണാം.

### സ്വതന്ത്രർ വാഴ്കൈ

കേരളത്തിൽ വ്യാപകമായി സ്വതന്ത്രസ്ഥാനാർത്ഥികൾ ഇത്തവണ രംഗത്ത് ഉണ്ടായിരുന്നു. ധാരാളം പേർ വിജയിച്ചിട്ടുമുണ്ട്. ചില രാഷ്ട്രീയ പാർട്ടിക്കാരേയും എണ്ണത്തിൽ കടത്തിവെട്ടി വിജയിച്ച സ്വതന്ത്രന്മാർ, സീറ്റുകിട്ടാതിരുന്നതിനാൽ സ്വതന്ത്രരായവർ, പാർട്ടികളോട് താൽപര്യമില്ലാതെ സ്വതന്ത്രരായവർ, മുന്നണി ബന്ധങ്ങളോട് വിയോജിച്ച് സ്വതന്ത്രരായവർ, തിളങ്ങാൻ ഒരവസരമായി സ്വതന്ത്രരായവർ, ചില ആദർശങ്ങളെ ഉയർത്തിപ്പിടിക്കാൻ സ്വതന്ത്രരായവർ എന്നിങ്ങനെ പല തരത്തിലുള്ള സ്വതന്ത്രരെ കാണാം. ഇതിൽ പലരും രാഷ്ട്രീയ ചരടുവലികളിൽ ഓരോ പാളയത്തിൽ ചെന്നടിയാൻ ഇടവരും. പക്ഷെ, ചെറിയൊരു വിഭാഗം പൊതു സമൂഹത്തെ പ്രതിനിധീകരിക്കാൻ ഇവരിൽ ഉണ്ട്. അവരുടെ കൂട്ടായ്മയും ആശയവിനിമയവും സൗഹൃദവും വളർന്നുവരേണ്ടതുണ്ട്. ആയതിന് മുൻകൈ എടുക്കാൻ ആരെങ്കിലും ഉണ്ടായെങ്കിൽ നന്നായേനെ.

### കൈനൂരിലെ സാംസ്കാരിക സാന്നിദ്ധ്യം

കൈനൂരിലെ താമസക്കാർ പന്നിവളർത്തൽ കേന്ദ്രത്തിലെ മാലിന്യത്തിനെതിരെ സമരം ചെയ്യാൻ ജാതി-മതം -വർഗ്ഗ-ലിംഗം-കക്ഷി എന്നിവക്ക് അതീതരായി വളർന്ന മുഹൂർത്തത്തിലാണ് ആക്ഷൻ കൗൺസിൽ പിറവികൊള്ളുന്നത്. തിരഞ്ഞെടുപ്പിൽ ഈ കൂട്ടായ്മ നിലനിർത്താൻ നേതാക്കൾക്കായില്ല. സമരത്തിൽ സഹകരിച്ച രാഷ്ട്രീയ പാർട്ടികൾ അവസരം വന്നപ്പോൾ അവരുടെ റോൾ ഭംഗിയായി

നിർവ്വഹിച്ചു. നാട്ടുകാരെ കക്ഷിരാഷ്ട്രീയം പങ്കിട്ടു. രാഷ്ട്രീയക്കാർ സഹകരിക്കുന്ന സമരങ്ങളിൽ അവരെ നിയന്ത്രിച്ചു നിർത്താൻ കഴിയാത്ത ഇടങ്ങളിൽ ഇത് ആവർത്തിച്ചുകൊണ്ടിരിക്കും. അപ്പോൾ എങ്ങിനെയാണ് ഒരു സിവിൽ സൊസൈറ്റി എന്നത് സാദ്ധ്യമാവുക?

സമരത്തിന് പിന്തുണയും, മുൻതുണയുമായി സാംസ്കാരിക പൗരാവകാശ, ഗാന്ധിയൻ, മനുഷ്യാവകാശ സാഹിത്യ എല്ലാവിധ ബ്രാന്റുകളും സജീവമായി ഉണ്ടായിരുന്നു. എന്നിട്ടും പന്നികേന്ദ്രത്തിലെ മാലിന്യത്തിന്റെ ഇരകളായ ഗ്രാമീണരുടെ ഗതികേട് കൂട്ടത്തിൽ കക്ഷിരാഷ്ട്രീയ മലിനീകരണവും പേറേണ്ടി വന്നിരിക്കുന്നു.

ഇ.ജ.മു.വിലെ വല്ല്യേട്ടന് കുറെ കുഞ്ഞാടുകളെ കിട്ടിയത് അവരുടെ നേട്ടം. കൂട്ടികൊടുപ്പിന്റെ രാഷ്ട്രീയം കളിച്ച അടിസ്ഥാനതല രാഷ്ട്രീയം വിളമ്പുന്ന ഖദറുകുപ്പായക്കാരും, മൗനത്തിലൂടെ വിദ്വാനായി ബ്ലോക്കിൽ സീറ്റുനേടിയവരും ഈ സമരത്തെ ഇനി എവിടെ കൊണ്ടെത്തിക്കുമെന്ന് ആർക്കറിയാം. എല്ലാ ബ്രാന്റുകളും ഒത്തുകൂടി ചെയ്തിട്ട് കൈനൂരിൽ എന്തുണ്ടായി? 'കൈനൂർ അതിന്റെ പാട്ടിനുപോട്ടെ' "നേരമ്പോക്കിന്റെ സാംസ്കാരിക ഇടപെടൽ' എന്നൊരു സെമിനാർ സംഘടിപ്പിച്ചാലോ അല്ലെങ്കിൽ വേണ്ടാ നമുക്ക് നഗരത്തിലേക്ക് തന്നെ മടങ്ങാം. നമ്മുടെ ദാഹം തീർക്കാൻ ഇവിടെ വിഷയങ്ങളുണ്ട് ഒപ്പം മാദ്ധ്യമങ്ങളും. "പിതാവെ ഇവർ എന്താണ് ചെയ്യുന്നതെന്ന് ഇവർ അറിയുന്നില്ല ഇവരോട് പൊറുക്കണമെ."


**അർദ്ധനാരി**

വനിതാ സംവരണ സീറ്റിലല്ലാതെ സ്ത്രീകൾക്ക് രാഷ്ട്രീയത്തിൽ കയറിവരാൻ പാർട്ടികളിലെ പുരുഷമേധാവിത്വം അനുവദിക്കാനിടയില്ല. സ്ത്രീകൾ സ്ഥാനാർത്ഥികളാകുന്നത് സംവരണത്തിന്റെ ബലത്തിലാണ്. അത് ഇല്ലെങ്കിൽ നമ്മുടെ സഹോദരിമാരിൽ പലരും ജനപ്രതിനിധികളോ, സ്ഥാനാർത്ഥികളോ, വോട്ടർമാർ പോലും ആയെന്നുവരില്ല. പല ഭൂഖണ്ഡങ്ങളും കണ്ടെത്തുന്നപോലെ സ്ഥാനാർത്ഥികൾക്ക് വനിതകളെ കണ്ടെത്തുകയായിരുന്നു രാഷ്ട്രീയ പാർട്ടികൾ. സാരിയുടുത്ത് മീശവടിച്ച് പെണ്ണാവാൻ കഴിയാത്തതിനാൽ 'വനിതാ വാർഡിൽ വനിതയെ തന്നെ കണ്ടെത്തേണ്ട ക്ലേശം ചില്ലറയല്ല. പ്രചരണ ബോർഡിൽ വനിത സംവരണം എന്നെഴുതാൻ പലരും മറന്നിട്ടില്ല.

ഞങ്ങളുടെ താൽപര്യമൊന്നുമല്ല നിയമം ഉള്ളതിനാലാണ് ഈ കടുംകൈ എന്ന് ഗൂഢമായി പറയുകയാണ്. പാവം പുരുഷമനസ്സ്. രക്ഷിച്ചവന് തല കൊടുത്തവനെ പഴയ പാഠപുസ്തകത്തിലെ വാഴക്കുലയുടെ കഥപോലെ ഇനി തങ്ങളുടെ രക്ഷിതാക്കൾക്കുവേണ്ടി ഈ മഹിളകൾ പ്രവർത്തിക്കും. അപ്പോൾ സ്ത്രീയുടെ തനതായ പ്രശ്നങ്ങൾക്കോ അതാര് ഏറ്റെടുക്കും. അത് ആണുങ്ങൾ ചെയ്യും. വനിതാ ശാക്തീകരണത്തിന് ഇങ്ങനേയും ഒരു വശമുണ്ടേ.....

*സഹോദരഭവനം, അഞ്ചേരി, തൃശൂർ-6*

## സൈലന്റ്‌വാലി ഇരുപതു വർഷങ്ങൾ




**ഒരു മഴുവിന്റെ ദൂരം മാത്രം**

സി. ശരത്ചന്ദ്രനും ബാബുരാജും കൂടി സൈലന്റ്‌വാലിയെക്കുറിച്ച് എടുത്ത ഡോക്യുമെന്ററിയുടെ പേര്. 1985 സെപ്തംബർ 7 നാണ് സൈലന്റ്‌വാലി ഒരു ദേശീയ ഉദ്യാനമായി അന്നത്തെ പ്രധാനമന്ത്രി രാജീവ്ഗാന്ധി രാഷ്ട്രത്തിന് സമർപ്പിച്ചത്. അതിനും വർഷങ്ങൾക്കുമുമ്പ് ഇന്ദിരാഗാന്ധിയുടെ കാലത്താണ് പൊതുവിഭവവും അത്യപൂർവ്വവുമായ ജൈവ കലവറയായ-മഴവനം മഴുവിൽ നിന്ന് രക്ഷിക്കപ്പെട്ടത്. കേരളത്തിലെ വികസന-പരിസ്ഥിതി സമരങ്ങളിലെ ശ്രദ്ധേയമായ ചുവട്. നിശബ്ദ താഴ്‌വര ഇന്നും സുരക്ഷിതമല്ല. നമ്മുടെയെല്ലാം കാരുണ്യം കാടുകളും പുഴകളും തേടുന്നു.

Only an Axe Away
Documentary, 40 mts., 2005
പ്രദർശനത്തിനും സി.ഡി.യ്ക്കും
കേരളീയം, കൊക്കാലെ, തൃശൂർ-21. ഫോൺ : 0487-2421385

## ഡോക്യുമെന്ററി സിനിമകൾ

**കയ്പ് നീര് പ്ലാച്ചിമട** / (മലയാളം)
**Bitter Drink** (English) കൊക്കകോള സമരം/25 മിനിറ്റ്.
**കനവ്** : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസ (ഗുരുകുല) ത്തെക്കുറിച്ച്. / 35 മിനിറ്റ്.
**ബാക്കിപത്രം**: ചാലിയാർ/മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച് / 35 മിനിറ്റ്. സംവിധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം: തേഡ് ഐ കമ്യൂണിക്കേഷൻ.
**Stolen Water** (അപഹരിക്കപ്പെട്ട ജലം)
27 മിനിട്ട്, പ്ലാച്ചിമട, സംവിധാനം ദയ, പ്രശാന്ത്
**കരിമുകൾ**, 30 മിനിട്ട്, മലയാളം ഡോക്യുമെന്ററി, സംവിധാനം മണിലാൽ.
**Source of Life for Sale**, 60 mts., Direction K.P. Sasi

**വി.സി.ഡി/ഡി.വി.ഡി/വി.എച്ച്.എസ് കാസറ്റ്.**
**കോപ്പികൾക്കും പ്രദർശനത്തിനും**

**കേരളീയം**
**കൊക്കാലെ, തൃശൂർ 21.**
**ഫോൺ : 0487-2421385**